(ഡി) സ്കൂൾ പരിസരങ്ങളിലുള്ള കടകളിലും മറ്റും നിരന്തര റെയിഡുകൾ നടത്തിയും ഇത്തരക്കാർ തമ്പടിക്കാൻ ഇടയുള്ള സ്ഥലങ്ങളിൽ രഹസ്യ നിരീക്ഷണം നടത്തിയും കുറ്റക്കാരെ കണ്ടെത്തി കർശന നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനു പുറമെ സ്റ്റുഡന്റ് പോലീസ് കേഡറ്റ്, സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പ്, ജനമൈത്രി പോലീസ്, സന്നദ്ധ സംഘടനകൾ എന്നിവയുടെ സഹകരണത്തോടെ ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ് എന്ന പദ്ധതി ആവിഷ്കരിച്ച് മയക്കുമരുന്ന് ഉപയോഗത്തിനെതിരെ ശക്തമായ അവബോധം കുട്ടികൾക്ക് നൽകിവരുന്നു.

ഐ.ജി.-യുടെ കോപ്പിയടി കേസ്

125 (4460) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഐ. ജി. ടി. ജെ. ജോസ് ഐ. പി. എസിന്റെ കോപ്പിയടിയുമായി ബന്ധപ്പെട്ട വിഷയത്തിൽ ആഭ്യന്തര വകുപ്പ് ടിയാനെതിരെ കേസ് എടുത്തിട്ടുണ്ടോ ; വിശദമാക്കാമോ ;

ഉത്തരം

കോപ്പിയടിയുമായി ബന്ധപ്പെട്ട് ഐ.ജി ടി. ജെ. ജോസ്, ഐ.പി.എസ്.-നെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടില്ല. എന്നാൽ ടിയാനെ തൃശ്ശൂർ റേഞ്ച് ഐ.ജി.-യുടെ ചുമതലയിൽനിന്നും മാറ്റിയിട്ടുണ്ട്.

സമരം ചെയ്തവർക്കെതിരെ രജിസ്റ്റർ ചെയ്ത കേസുകൾ

126 (4461) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ സംസ്ഥാന-കേന്ദ്ര സർക്കാരുകളുടെ നടപടികൾക്കെതിരെ സമരം ചെയ്ത വിദ്യാർത്ഥി, യുവജന, പ്രതിപക്ഷ പാർട്ടി പ്രവർത്തകർക്കെതിരെ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്താമോ ;

(ബി) പ്രസ്തുത കേസുകളിലെല്ലാം കൂടി എത്ര പേരെ പ്രതി ചേർത്തിട്ടുണ്ടെന്നും എത്ര പേരെ റിമാൻഡ് ചെയ്തിട്ടുണ്ടെന്നും വിശദമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽവന്ന് നാളിതുവരെ സംസ്ഥാന-കേന്ദ്ര സർക്കാരുകളുടെ നടപടികൾക്കെതിരെ സമരം ചെയ്ത വിദ്യാർത്ഥി, യുവജന, പ്രതിപക്ഷ പാർട്ടി പ്രവർത്തകർക്കെതിരെ 3230 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) പ്രസ്തുത കേസുകളിലെല്ലാംകൂടി 350879 പേരെ പ്രതി ചേർത്തിട്ടുണ്ട്. 1461 പേരെ റിമാൻഡ് ചെയ്തിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly